ഉത്തരം

(എ) ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിലുള്ള ആശുപത്രികളിൽ ബന്ധപ്പെട്ട ജീവനക്കാർക്കെല്ലാം രക്ത പരിശോധനയ്ക്കായി രക്തം ശേഖരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രക്ത സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡി.എം.എൽ.ടി. കോഴ്സ് പാസ്സായവരെ ആശുപത്രി വികസന സമിതി മുഖേന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഒരു ബ്ലഡ് കളക്ഷൻ സെന്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എൻ.ആർ.എച്ച്.എം.-ന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു എന്ന കാരണത്താലാണ് ഈ ജീവനക്കാരെ നിലനിർത്താൻ കഴിയാതെ വന്നത്. തിരുവനന്തപുരം കണ്ണാശുപത്രിയിൽ ഇപ്രകാരം പിരിച്ചുവിട്ട രണ്ട് ലാബ് ടെക്നീഷ്യൻമാരിൽ ഒരാളെ എച്ച്.ഡി.എസ്-ൽ നിന്നും ദിവസ വേതന വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്.

വെക്ടർ കൺട്രോൾ യൂണിറ്റുകൾ

49 (6202) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ; ഈ യൂണിറ്റിന്റെ തലവൻ ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും വെക്ടർ യൂണിറ്റിന്റെ ആസ്ഥാനം ജില്ലാ മെഡിക്കൽ ഓഫീസ് ആണോ എന്നും വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലയിലെ വെക്ടർ യൂണിറ്റുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ജീവനക്കാർ പുതുതായി നിയമിക്കപ്പെട്ടവരാണോ അതോ മന്തുരോഗ നിയന്ത്രണ യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) മന്തുരോഗ നിയന്ത്രണ യൂണിറ്റിന്റെ ഓരോ ജില്ലയിലെയും ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ആരാണെന്ന് വ്യക്തമാക്കുമോ ; ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴസിംഗ് ഓഫീസർ ആരാണെന്നും ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്നും വ്യക്തമാക്കുമോ ;

(ജി) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) വെക്ടർ കൺട്രോൾ യൂണിറ്റുകൾ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് രൂപീകരിച്ചത് ; ഈ ഉത്തരവിൽ ശമ്പളം മാറുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ 4-2-2010-ന് നിലവിൽ വന്നു. തലവനെ നിശ്ചയിച്ചിട്ടില്ല.

(ബി) ജില്ലാ മെഡിക്കൽ ഓഫീസല്ല.

(സി) വെക്ടർ കൺട്രോൾ യൂണിറ്റിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്	ജീവനക്കാരുടെ എണ്ണം
തിരുവനന്തപുരം	49
കൊല്ലം	40
പത്തനംതിട്ട	5
ആലപ്പുഴ	81
കോട്ടയം	31
ഇടുക്കി	4
എറണാകുളം	37
തൃശ്ശൂർ	40
പാലക്കാട്	35
മലപ്പുറം	22
കോഴിക്കോട്	50
വയനാട്	30
കണ്ണൂർ	70
കാസർഗോഡ്	21

(ഡി) എല്ലാ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലും മന്തുരോഗ നിയന്ത്രണ യൂണിറ്റിലേയും, മന്തുരോഗ സർവ്വേ യൂണിറ്റിലേയും മലേറിയ യൂണിറ്റിലേയും ജീവനക്കാരെയാണ് പുനർവിന്യസിച്ചിരിക്കുന്നത്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മന്ത് രോഗ നിയന്ത്രണ യൂണിറ്റുകൾ ഇപ്പോൾ ഒരു ജില്ലയിലും നിലവിലില്ല.

(എഫ്) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ആഫീസർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്	സീനിയർ ബയോളജിസ്റ്റ്
ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്	ബയോളജിസ്റ്റ്
ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, കോട്ടയം	എന്റമോളജിസ്റ്റ്
ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, ഇടുക്കി	അസിസ്റ്റന്റ് എന്റമോളജിസ്റ്റ്

ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഹെഡ് ഓഫ് അക്കൗണ്ട് 2210-06-101-97 ആണ്.

(ജി) & (എച്ച്) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഫൈലേറിയ കൺട്രോൾ യൂണിറ്റുകൾ നിലവിലില്ലാതിരുന്ന വയനാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ 4-2-2010-ലെ സർക്കാർ ഉത്തരവ് (പി) നം.50/10 ആ.കു.വ പ്രകാരം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ , സോണൽ മലേറിയ യൂണിറ്റുകൾ എന്നിവയെ പുന:ക്രമീകരിച്ചാണ് എല്ലാ ജില്ലകളിലും വെക്ടർ കൺട്രോൾ യൂണിറ്റുകൾ രൂപീകരിച്ചത്.

പുതുതായി രൂപീകരിച്ച ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ മേൽപ്പറഞ്ഞ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തണമെന്നും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ആഫീസർ ആരായിരിക്കണമെന്നും തീരുമാനിക്കേണ്ടതുണ്ടായിരുന്നു. കൂടാതെ ഫൈലേറിയ കൺട്രോൾ പ്രോഗ്രാമിന്റെ ഹെഡ് ഓഫ് അക്കൗണ്ട് ഫൈലേറിയ യൂണിറ്റുകൾ ഇല്ലാതിരുന്ന ജില്ലകളിൽ പ്രവർത്തിച്ചിരുന്നില്ല. ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് വിവിധ തലങ്ങളിൽ ഉള്ള ചർച്ചകളും ഭരണപരമായ നടപടിക്രമങ്ങളും ആവശ്യമായി വന്നു. എന്നാൽ 16-7-2010-ലെ ജി.ഒ (ആർ.റ്റി) നം.2761/2010/ആ.കു.വ. പ്രകാരം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകളുടെ ഹെഡ് ഓഫ് അക്കൗണ്ട് 2210-06-101-97 ആയി ഉത്തരവാകുകയും പ്രസ്തുത ശീർഷകത്തിൽ നിന്നും ശമ്പളം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly